**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** **12-02-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ കോഴ്സുകളുടെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് കേരളത്തിൽ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | **8/3/2022 ലെ ജി.ഒ(എം.എസ്) 52/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക്, അവർ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ളവരും അതാത് സംസ്ഥാനത്തിന്റെ റഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷൻ ഉള്ളവരും ആണെങ്കിൽ കേരളാ പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മിക്ക സംസ്ഥാനങ്ങളിലും കോഴ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു റഗുലേറ്ററി ബോഡി ഇല്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഇപ്പോൾ നിലവിലുണ്ട്. 28/09/2022 ലെ ജി.ഒ(പി) 53/2022/ ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന മുറക്ക് മറ്റു സംസ്ഥാനങ്ങളിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് കൗൺസിൽ രജിസ്ട്രേഷൻ എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | **8/3/2022 ലെ ജി.ഒ(എം.എസ്) 52/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക്, അവർ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ളവരും അതാത് സംസ്ഥാനത്തിന്റെ റഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷൻ ഉള്ളവരും ആണെങ്കിൽ കേരളാ പാരാമെഡിക്കൽ രജിസ്ട്രേഷൻ** |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മിക്ക സംസ്ഥാനങ്ങളിലും കോഴ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു റഗുലേറ്ററി ബോഡി ഇല്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഇപ്പോൾ നിലവിലുണ്ട്. 28/09/2022 ലെ ജി.ഒ(പി) 53/2022/ ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന മുറക്ക് മറ്റു സംസ്ഥാനങ്ങളിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ